**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/069/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 06 -12- 2024**

| | | |
|---|---|---|
| പരാതിക്കാരി | : | ശ്രീ.അബ്ദുൾ കരിം സഹറുദ്ദീൻ **P.M.**<br>പാമ്പിനേഴത്ത് ഹൌസ്<br>എടവനക്കാട് പി.ഒ<br>എറണാകുളം - **682502.** |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പാലാരിവട്ടം<br>എറണാകുളം. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീമാൻ. അബ്ദുൾ കരീം സഹറുദീന് ഇടപ്പള്ളിയിൽ സർവ്വേ നമ്പർ **39/14** ൽ ഏകദേശം **10.5 cent** വസ്തുവും ഒരു പഴയവീടും സ്വന്തമായിട്ടുണ്ട്. ഈ സ്ഥലത്തിന്റെ മുൻവശത്തുകൂടിയാണ് ഇടപ്പള്ളി - ചേരാനല്ലൂർ റോഡ് കടന്നു പോകുന്നത്. ഇദ്ദേഹത്തിന് ഇടപ്പള്ളി ഇലക്ട്രിക് സെക്ഷന്റെ കീഴിൽ ഒരു ഗാർഹിക കണക്ഷനും നിലവിലുണ്ട്. ഇദ്ദേഹത്തിന്റെ പുരയിടത്തിന്റെ മുൻവശത്തായി റോഡ്സൈഡിൽ ഒരു **two pole structure, 315 kv transformer , RMU** എന്നിവ സ്ഥിതിചെയ്യുന്നു. എതിർകക്ഷിയുടെ രേഖകൾ പ്രകാരം ഈ **transformer** ഉം **structure** ഉം സ്ഥാപിച്ചിരിക്കുന്നത് **01/04/1957** ൽ എന്ന് അവകാശപ്പെടുന്നു. ഈ സ്ഥലത്ത് പുതുതായി കെട്ടിടം നിർമ്മിക്കുമ്പോൾ **road front** വളരെ കുറവായി വരുന്നതിനാൽ ഇവ പ്രസ്തുത സ്ഥലത്തിന്റെ ഒരു മൂലയിലേയ്ക്ക്

മാറ്റി തടസ്സം ഒഴിവാക്കണമെന്നതാണ് ആവശ്യം. ലൈസൻസി അടങ്കൽ തുക നിർണ്ണയിക്കുകയും ആ തുകയായ 14,73,976/- രൂപ അടയ്ക്കേണ്ടതുണ്ട് എന്ന് പരാതിക്കാരനെ അറിയിക്കുകയും ചെയ്തു. ഇത്രയും ഭീമമായ തുക ചെലവാക്കാൻ കഴിയില്ല എന്നും ലൈസൻസിയുടെ ഫണ്ട് വഴി ഇത് നടത്തികൊടുക്കണമെന്നുമാണ് പരാതിക്കാരന്റെ ആവശ്യം. ഈ ആവശ്യം ഉന്നയിച്ച് CGRF(CZ) ൽ പരാതി സമർപ്പിക്കുകയും, CGRF നടപടികൾ പൂർത്തിയാക്കി 24/09/2024 ൽ ഉത്തരവിറക്കുകയും ചെയ്തു. ആ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി നൽകിയിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

ഇടപ്പള്ളി Society പടിയിൽ ഉള്ള എന്റെ വീടിനു മുന്നിലുള്ള ട്രാൻസ്ഫോർമർ (TR315KVA) വീടിന്റേയും വസ്തുവിന്റേയും FRONTAGE ഭൂരിഭാഗവും മറക്കുന്നു. ടി വസ്തുവിൽ കട മുറികളും പുറകിൽ വീടും പുതുക്കി പണിയുന്നതിനായി മേൽ ട്രാൻസ്ഫോമർ എന്റെ വസ്തുവിന്റെ വടക്ക് 5 അടി മാറ്റി സ്ഥാപിക്കണമെന്നും കാണിച്ച്, 21.12.2023 ൽ ഇടപ്പള്ളി KSEB ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നതും, AE യെ നേരിൽ കണ്ടതുമാണ്. എന്നാൽ എന്റെ എതിർപ്പോ, പരാതിയോ പരിഗണിക്കാതെ 12.01.2024 ൽ KSEB ഒരു RM യൂണിറ്റ് കൂടെ വീടിന് മുന്നിൽ സ്ഥാപിച്ച് വീടിനും വസ്തുവിനും കൂടുതൽ മറയുണ്ടാക്കിയിരിക്കുകയാണ്. തുടർന്ന് ട്രാൻസ്ഫോർമറും RM യൂണിറ്റും എന്റെ വസ്തുവിന്റെ തന്നെ അരികിൽ 5 അടി നീക്കി സ്ഥാപിച്ചു തരാനായി 12.01.2024 ൽ KSEB യിൽ അപേക്ഷിച്ചു. അതിനു വേണ്ടതായ വൈദ്യുത ഉപകാരണങ്ങൾക്കായി 16 ലക്ഷത്തോളം രൂപ ഞാൻ ചെലവാക്കേണ്ടി വരുമെന്ന മറുപടിയാണ് വാക്കാൽ AE യിൽ നിന്നും ലഭിച്ചത്.

ഈ ഭീമമായ തുക എന്നിൽ നിന്നും ഈടാക്കുന്നത് തികച്ചും അന്യായവും അംഗീകരിക്കാനാവാത്തതുമാണെന്ന് കാണിച്ച് കൊണ്ടും ടി ട്രാൻസ്ഫോർമറും RM യൂണിറ്റും 5 അടി മാറ്റി തൊട്ടരികിലേക്ക് നീക്കേണ്ടതിന്റെ LABOUR CHARGES ഞാൻ വഹിച്ചു കൊള്ളാമെന്നും കാണിച്ചുകൊണ്ടുള്ള പരാതി 25.07.2024 ൽ CGRF ൽ സമർപ്പിച്ചിരുന്നു. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും, 24.09.2024 ൽ 14,73,976/- രൂപയുടെ ESTIMATE KSEB നൽകുകയും ഉണ്ടായി. ടി ESTIMATE മെറ്റീരിയൽ കോസ്റ്റും ലേബർ കോസ്റ്റും കൂടെയുള്ളതാണ്. ഇത്രയും ഭീമമായ തുക എന്നിൽ നിന്നും

ഈടാക്കുന്നത് അന്യായവും അംഗീകരിക്കാനാവാത്തതുമാണ്. എന്നാൽ ടി ജോലിക്ക് വേണ്ടതായ **LABOUR CHARGE** കൾ ഞാൻ വഹിക്കാൻ സന്നദ്ധമാണെന്ന് തുടർന്നും അറിയിക്കുന്നു.

ആയതിലേയ്ക്ക് വേണ്ടതായ **MATERAL COST , KSEB** വഹിച്ച് ട്രാൻസ്ഫോർമറും, പുതുതായി സ്ഥാപിച്ച **RM** യൂണിറ്റും എന്റെ തന്നെ വസ്തുവിന്റെ സൈഡിലേക്ക് **5** അടി മാറ്റി സ്ഥാപിച്ച് തരുവാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് വിനീതമായി അപേക്ഷിക്കുന്നു .

## എതിർകക്ഷിയുടെ വാദം

കെ എസ് ഇ ബി ഇടപ്പള്ളി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ സൊസൈറ്റി ജംഗ്ഷൻ ഇടപ്പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന **315 KVA** ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് **21.12.2023** ഇൽ ശ്രീ.അബ്ദുൾ കരിം സ്ഹറുദീൻ എന്ന വ്യക്തിയിൽ നിന്നും ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം സന്ദർശിച്ചു പരിശോധിക്കുകയുണ്ടായി. ഈ ട്രാൻസ്ഫോർമർ **"Orumanet"** രേഖ പ്രകാരം **01.04.1957** ഇൽ സ്ഥാപിച്ചിരിക്കുന്നത് ആണ്. നിലവിൽ ഏകദേശം **410** എണ്ണത്തോളം ഗാർഹീക വാണിജ്യ ഉപഭോക്താക്കൾക്ക് ഈ ട്രാൻസ്ഫോർമർ ഇൽ നിന്നും **Connection** കൊടുത്തു ഉപയോഗിച്ച് വരുന്നു. ഇവിടെ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ ഇടപ്പള്ളി **110 KV** സബ്സ്റ്റേഷനിൽ നിന്നും വരുന്ന പോണേക്കര ഫീഡറിൽ അണ്ടർ ഗ്രൗണ്ട് കേബിൾ വഴിയാണ് കണക്ട് ചെയ്തിരിക്കുന്നത്. അത് കൂടാതെ ഇതിനു സമീപം ഇടപ്പള്ളി സബ്സ്റ്റേഷനിൽ നിന്നും ഉള്ള പാലസ് ഫീഡർ അണ്ടർ ഗ്രൗണ്ട് കേബിൾ റൈസിംഗ് ആയി ഇവിടെ വന്നു നിൽക്കുന്നു. ഈ ട്രാൻസ്ഫോർമറിനു ഫീഡറിന്റെ സുഗമമായ കൺട്രോളിങ്ങിന് വേണ്ടിയാണു പുതുതായി **RMU** പ്രോപ്പർട്ടിയുടെ വടക്കു കിഴക്കേ മൂലയിൽ ട്രാൻസ്ഫോർമറിന്റെ സൈഡിൽ ട്രാൻസ്ഫോർമേറിന് അടുത്തുള്ള ഇടവഴിക്കു ഇടയിൽ **1.5m** ൽ താഴെ മാത്രമുള്ള സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത്. നിരവധി വാണിജ്യസ്ഥാപനങ്ങൾ തിങ്ങി നിറഞ്ഞു സ്ഥിതി ചെയ്യുന്ന സ്ഥലത്തു ഇത് മാറ്റി സ്ഥാപിക്കുവാൻ സ്ഥലം ഇല്ലാത്ത കാര്യം പരാതിക്കാരനെ സ്ഥലം സന്ദർശിച്ച സമയത്തു പറഞ്ഞു ബോധ്യപ്പെടുത്തിയിരുന്നു.

പ്രസ്തുത ട്രാൻസ്ഫോർമർ ടി വ്യക്തിയുടെ സ്ഥലത്തിന്റെ വടക്കു കിഴക്കേ മൂലയിൽ ഇരിക്കുന്നതിനാൽ അദ്ദേഹത്തിന് കെട്ടിടം പണിയുന്നതിനോ വാഹന ഗതാഗതത്തിനോ യാതൊരു വിധ തടസ്സം ഇല്ലാത്തതും ആണ്. കൂടാതെ ഈ ട്രാൻസ്ഫോർമർ **Structure** നു അടുത്തായി **GAIL** ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് . ആയതിനാൽ ഈ ട്രാൻസ്ഫോർമർ നിലവിൽ ഇരിക്കുന്ന സ്ഥലത്തു നിന്നും **5** അടി നീക്കി സ്ഥാപിക്കുന്നതിനുള്ള ഒരു ആവശ്യം പരാതിക്കാരന്റെ ഭാഗത്തു നിന്നും ഉണ്ടായതു പരിഗണിക്കാൻ സാധിക്കാത്ത കാര്യവും അദ്ദേഹത്തെ ബോധ്യപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രദേശത്തു അന്വേഷണം നടത്തിയതിൽ നിന്നും വ്യക്തമായ കാര്യം ശ്രീ. അബ്ദുൾ കരിം സഹറുദീൻ എന്ന വ്യക്തി കുറച്ചു വർഷങ്ങൾക്ക് മുൻപ് മാത്രമാണ് നിലവിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചിരിക്കുന്നതിനു പുറകിലുള്ള സ്ഥലം വാങ്ങിയത് എന്നാണ്. വളരെ വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ചിട്ടുള്ള ടി ട്രാൻസ്ഫോർമർ സ്റ്റേഷൻ ആയതു കൊണ്ട് ട്രാൻസ്ഫോർമർ സ്റ്റേഷൻ **AB** സ്വിച്ച് ഉപയോഗിച്ചു നിയന്ത്രിക്കുന്ന രീതിയിൽ ആണ്. എന്നാൽ ഇത് മാറ്റി സ്ഥാപിക്കുമ്പോൾ സ്ഥല പരിമിതി മൂലം **AB** സ്വിച്ചിൽ കൂടിയുള്ള നിയന്ത്രണം പ്രായോഗികമല്ല. കൂടാതെ ഒന്നിലധികം ഫീഡറുകളും ആയതിന്റെ കേബിളുകളും കയറി ഇറങ്ങി പോകുന്ന സ്ഥലം ആയതിനാൽ ആണ് **RMU** സ്ഥാപിക്കേണ്ടി വന്നത്. ഈ വിവരങ്ങളും പരാതിക്കാരനെ അറിയിച്ചിട്ടുള്ളതാകുന്നു.

ബഹുമാനപെട്ട **CGRF** ചെയർപേഴ്സണും സംഘവും അധികാരികളും കൂടി **CGRF** ന്റെ നിർദ്ദേശ പ്രകാരം വീണ്ടും **20.09.2024** ന് സ്ഥലം സന്ദർശിക്കുകയും ബഹുമാനപെട്ട ഫോറം നിലവിലുള്ള സ്ഥിതി നേരിൽ കണ്ടു മനസിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വർക്കിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാനും പരാതിക്കാരനോട് എസ്റ്റിമേറ്റ് തുക അടയ്ക്കുവാനും ഉത്തരവായിട്ടുണ്ട്. ആയതിനാൽ ടി പരാതി തള്ളിക്കളയണമെന്നും നിലവിൽ നൽകിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തി ചെയ്യുന്നതിനുള്ള അനുവാദം നൽകണമെന്നും അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ എതിർവാദം

**21-12-2023**-ൽ കടമുറികൾ ഉൾപ്പെടെ വീട് പുതുക്കി പണിയുന്നതിന് വീടിന്റെ മുമ്പിലുള്ള **Transformer** വീടിന്റേയും വസ്തുവിന്റേയും **Road Frontage** ഭൂരിഭാഗവും മറയ്ക്കുന്നതിനാൽ എന്റെ വസ്തുവിന്റെ തന്നെ **side**-ലേക്ക് **5** അടി

നീക്കി തരുവാനായി KSEBയിൽ അപേക്ഷ നൽകുകയും AE യെ നേരിൽ കാണുകയും ചെയ്തിരുന്നു. 11-01-2024-ൽ മേൽ അപേക്ഷ നിലവിലിരിക്കെ, വീടിന് മുമ്പിൽ വലിയ ഒരു RM യൂണിറ്റ് KSEB സ്ഥാപിച്ച് എന്റെ വസ്തുവിന് കൂടുതൽ മറ സൃഷ്ടിക്കുകയുണ്ടായി.

12-01-2024-ൽ എന്റെ പരാതി AEE യെ നേരിട്ട് ബോധ്യപ്പെടുത്തുകയും, ടി Trans- 2-9-2024 former ഉം RM യൂണിറ്റും എന്റെ സ്ഥലത്തിന്റെ തൊട്ട് അരികിലേക്ക് നീക്കാൻ അപേക്ഷ നല്കി, ടി സംഗതികൾക്ക് 16 ലക്ഷത്തിലധികം രൂപ ചെലവുവരുമെന്നാണ് KSEB യിൽ നിന്ന് വാക്കാൽ മറുപടി ലഭിച്ചത്. 25-07-2024 ൽ CGRF ചെയർപേഴ്സണ് പരാതി ബോധിപ്പിച്ചതിനുശേഷം, ടി Trans- former ഉം RM യൂണിറ്റും നീക്കുന്നതിനായി ലേബർ ചാർജ്ജും വൈദ്യുത ഉപകര ണങ്ങളും ഉൾപ്പെടെ 14,73,976/- (Fourteen Lakh Seventy Three Thousand Nine Hundred and Seventy Six Rupees) രൂപയുടെ Estimate, KSEB തരുകയുണ്ടായി. ഇത്രയും ഭീമമായ തുക ഈ ആവശ്യത്തിന് എന്നിൽ നിന്നും ഈടാക്കുന്നത് അന്യായവും അംഗീകരിക്കാനാവാത്തതുമാണ്.

28-10-2024-ൽ KSEB, താങ്ങൾക്ക് നൽകിയ Counter Statement-ലെ പരാമർശങ്ങൾക്കുള്ള വിശദീകരണം താഴെ കൊടുക്കുന്നു.

(1) “RM യൂണിറ്റ് മാറ്റി സ്ഥാപിക്കാൻ സ്ഥലം ഇല്ലാത്ത കാര്യം പരാതിക്കാരനെ സ്ഥലം സന്ദർശിച്ച സമയത്ത് പറഞ്ഞ് ബോധ്യപ്പെടുത്തിയിരുന്നു.

മറുപടി : അങ്ങനെ ബോധ്യപ്പെടുത്തിയിരുന്നെങ്കിൽ 11-01-2024-ൽ RM യൂണിറ്റ് സ്ഥാപിച്ച് പിറ്റേ ദിവസം 12-01-2024 ന് AEE ക്കും പോലീസിലും പരാതി നൽകുകയില്ലായിരുന്നു.

(2) “Transformer സ്ഥാപനത്തിന്റെ വടക്ക് കിഴക്കേ മൂലയിൽ ആയതിനാൽ കെട്ടിടം പണിയുന്നതിനോ വാഹന ഗതാഗതത്തിനോ യാതൊരു തടസ്സവും ഇല്ലാത്തതാണ്. മറുപടി : Transformer RM യൂണിറ്റും കൂടെ എന്റെ വസ്തുവിന്റെ Main Road ബന്ധപ്പെടുന്ന Frontage പൂർണ്ണമായും മറച്ചിരിക്കുന്നു. ബാക്കി Frontage ഗേറ്റിന് ശേഷം Pocket Road ലേക്കാണ്. (ഈ സംഗതിയുടെ നിജസ്ഥിതി കൂടുതൽ മനസ്സിലാക്കാനായി ഇടപ്പിള്ളി സൊസൈറ്റി പടിയിലുള്ള സ്ഥലം സന്ദർശിക്കുന്നതിന് ദയവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു).

(3) “ട്രാൻസ്ഫോർമർ **Structure** ന് അടുത്തായി **Gale Gas Pipe Line** സ്ഥാപിച്ചിട്ടുണ്ട്.

മറുപടി : **Adani Gas Pvt. Ltd** ന്റെ ഒരു ബോർഡാണ് അവിടെ ഉണ്ടായിരുന്നത്. അവരുടെ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ അവർതന്നെ ആ ബോർഡ് മറ്റൊരു സ്ഥലത്തേക്ക് നീക്കി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ പണി നടക്കുമ്പോൾ **Adani Gas** നെ **inform** ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**KSEB** നല്കിയ ഭീമമായ എസ്റ്റിമേറ്റ് **(Rs. 14,73,976/-) Meterial Cost** ഉം **Labour Cost** ഉം കൂടെയുള്ളതാണ്. **Labour Cost** ഞാൻ വഹിക്കാൻ തയ്യാറാണ്. **Ma terial Cost, KSEB** വഹിച്ച് ട്രാൻസ്ഫോമറും അവർ പുതിയതായി സ്ഥാപിച്ച **RM** യൂണിറ്റും എന്റെതന്നെ വസ്തുവിന്റെ **Side** ലേക്ക് **5** അടി മാറ്റി സ്ഥാപിച്ചുതരുവാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **26/11/2024**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ.പി.എം.അബ്ദുൾ കരീം സഹറുദ്ദീൻ എതിർ കക്ഷിയായ ശ്രീ.സജീവ് കുമാർ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പലാരിവട്ടം, എറണാകുളം എന്നിവരാണ് പങ്കെടുത്തത്.

പരാതിക്ക് ആസ്പദമായ ട്രാൻസ്ഫോർമറും മറ്റും സ്ഥാപിച്ചിരിക്കുന്നത് **1957** ൽ ആണെന്ന് എതിർഭാഗം ഉറപ്പുപറയുന്നു. ഇതിലേയ്ക്കുള്ള **11 KV line** വരുന്നത് ഇടപ്പള്ളി **110 KV** സബ് സ്റ്റേഷനിൽ നിന്നാണ്. ഈ ട്രാൻസ്ഫോർമറിൽ നിന്നും ഗാർഹിക വാണിജ്യ ഉപഭോക്താക്കളായ **410** പേർക്ക് വൈദ്യുത കണക്ഷൻ നൽകിയിരിക്കുന്നു. പോണേക്കര ഫീഡറിന്റെ സുഗമമായ നിയന്ത്രണത്തിനുവേണ്ടിയാണ് പുതുതായി ഒരു **RMU** സ്ഥാപിച്ചിരിക്കുന്നത്. പരാതിക്കാരൻ ഈ വസ്തു വാങ്ങിയിരിക്കുന്നത് ഏതാനും വർഷങ്ങൾക്ക് മുൻപ് മാത്രമാണ്. **10.5** സെന്റ് വിസ്തീർണ്ണമുള്ള ഈ പുരയിടത്തിന്റെ മെയിൻ റോഡ് വശം ഏകദേശം **20.8** മീറ്റർ നീളത്തിലും വടക്കു ഭാഗത്തുള്ള ചെറിയ റോഡിന്റെ വശം **18.7** മീറ്റർ നീളത്തിലും സ്ഥിതിചെയ്യുന്നു. മെയിൻ

റോഡിന്റെ ഭാഗത്തു 20.8 മീറ്ററിൽ ഏകദേശം 9 മീറ്ററോളം Structure , Transformer ,RMU എന്നിവ മൂലം തടസ്സം ഉണ്ടായിരിക്കുന്നു. ഇവയൊന്നും പരാതിക്കാരന്റെ വസ്തുവിലല്ല മറിച്ച് പൊതുനിരത്തിന്റെ ഭാഗത്തായാണ് സ്ഥിതിചെയ്യുന്നത്.

ഇവിടെ പരാതിക്കാരന് പുതിയ കെട്ടിടം, വാണിജ്യാവശ്യവും, ഗാർഹികാവശ്യവും കണക്കാക്കി പണിയുമ്പോൾ road front കുറയുമെന്നതിനാലാണ് ഇവ മാറ്റി സ്ഥാപിക്കാൻ ലൈസൻസിയെ സമീപിച്ചിരിക്കുന്നത്. ഇത് മാറ്റി സ്ഥാപിക്കേണ്ട ഇടത്തെപ്പറ്റി എതിർകക്ഷി രണ്ട് നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. 1. അദ്ദേഹത്തിന്റെ പുരയിടത്തിനകത്ത് തെക്ക് കിഴക്കേ മൂലയിലായി സ്ഥാപിക്കണമെന്നും , 2. അവ ഇപ്പോൾ സ്ഥിതിചെയ്യുന്ന ഭാഗത്തു നിന്നും അല്പം വടക്കോട്ട് മാറ്റി സ്ഥാപിക്കണമെന്നും. ഇതിൽ ഒന്നാമത്തെ നിർദ്ദേശം പുരയിടത്തിനകത്ത് വരുന്നതാകയാൽ പരാതിക്കാരന് താല്പര്യമില്ല എന്ന് അറിയിച്ചു. പിന്നെ രണ്ടാമത്തെ നിർദ്ദേശം മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. Two pole structure ഉം അനുബന്ധ സംവിധാനങ്ങളും പൂർണ്ണമായും മാറ്റി ഒരു ചെറിയ കോൺക്രീറ്റ് സ്റ്റാൻഡ് സ്ഥാപിച്ച് അതിന്റെ അടിയിൽ RMU ഉം മുകളിൽ transformer ഉം സ്ഥാപിക്കുമ്പോൾ വളരെ കുറച്ചു സ്ഥലം മാത്രമേ വേണ്ടിവരികയുള്ളു. അത് RMU ന് വടക്കു വശം സ്ഥാപിക്കുമ്പോൾ 9 മീറ്റർ തടസ്സമായി നിൽക്കുന്നത് ഏകദേശം 4 മീറ്റർ ആയി കുറയുക വഴി road front ഏകദേശം 16 മീറ്റർ വരെ ലഭ്യമാകും. കൂടാതെ OH Structure എല്ലാം ഒഴിവാക്കുക വഴി കെട്ടിടം നിർമ്മിക്കുമ്പോഴും പരിപാലിക്കുമ്പോഴും ഉണ്ടാകാനിടയുള്ള സുരക്ഷാ ഭീഷണിയും ഒഴിവായി കിട്ടും. ഈ estimate ൽ ഒരു RMU ഉൾപെടുത്തിയിരിക്കുന്നതിനാലാണ് തുക കൂടാൻ കാരണം. RMU ഒഴിവാക്കി Structure ലേയ്ക്ക് മാറിയാൽ പരാതിക്കാരന് വലിയ പ്രയോജനം ഉണ്ടാകാൻ സാധ്യതയില്ല മാത്രമല്ല അത് ഒരു സുരക്ഷാ ഭീഷണിയായി നിലനിൽക്കുകയും ചെയ്യും.

ഒരു ഉപഭോക്താവ് തന്റെ ആവശ്യ പ്രകാരം Electric Line , Electric plant എന്നിവ മാറ്റി സ്ഥാപിക്കാൻ ആവശ്യപ്പെട്ടാൽ അവലംബിക്കേണ്ട ചട്ടം Kerala Electricity Supply Code 2014 ൽ വിശദീകരിച്ചിരിക്കുന്നു.

***95. Procedure for shifting electric line or electrical plant of the licensee.-***

*(1)The owner of the land or his successor in interest who has given right of way for the construction of an existing electric line or electrical plant over, under, along, across, in or upon the said land, may apply for shifting the electric line or electrical plant to any other portion of his land for genuine purposes.*

*(2)The application for shifting the electric line or electrical plant shall be submitted in the local office of the licensee.*

*(3)On receipt of the application the licensee shall inspect the site and assess the technical feasibility of the proposed shifting.*

*(4)The application for shifting an electric line or electrical plant shall be granted only if:-*

- *a) the proposed shifting is technically feasible; and*
- *b) the owner of the land or his successor in interest gives consent in writing to shift the electric line or electrical plant to any other portion of his land or to any other land owned by him; or any alternate right of way along any public path way available for shifting the electric line and the electrical plant; and*
- *c) the applicant remits the labour charges required for shifting the electric line or electrical plant.*

*(5) The licensee shall shift the electric line or electrical plant if the conditions specified in sub-regulation.*

ഈ ചട്ടത്തിൽ പുതിയ **Amendment** പ്രകാരം, **Material Cost** ഉം **labour Cost** ഉം മാറ്റാൻ ആവശ്യപ്പെടുന്നയാൾ വഹിക്കണമെന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. അതുപ്രകാരം ചെലവാകുന്ന മുഴുവൻ തുകയും അടയ്ക്കാൻ പരാതിക്കാരൻ ബാധ്യസ്ഥനാണ്. ലൈസൻസിയോട് അവിടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഏതെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ എന്നാരായുകയുണ്ടായി. അംഗീകരിച്ച പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. ഇനി അംഗീകാരത്തിനു സമർപ്പിച്ചാൽ എത്ര കാലത്തിനകം നടപ്പിലാക്കാൻ കഴിയുമെന്നതിന് ഉറപ്പില്ല. അതിനാൽ അങ്ങനെ ഈ **shifting** നടത്തിയെടുക്കാൻ സാധ്യത കാണുന്നില്ല.

എതിർകക്ഷി മറ്റൊരു നിർദ്ദേശം മുന്നോട്ടുവെച്ചു. ഈ പദ്ധതി പരാതിക്കാരന് തന്നെ നടത്താൻ കഴിയും. ലൈസൻസിയ്ക്ക് **Supervision charge** നൽകി ലൈസൻസിയുടെ മേൽ നോട്ടത്തിൽ ഈ **shifting** നടത്തിയെടുക്കാം.

അപ്പോൾ അടങ്കൽ തുകയിൽ കുറവ് വരാൻ സാധ്യതയുണ്ട്. പരാതിക്കാരന് ആ നിർദ്ദേശം താല്പര്യമെങ്കിൽ സ്വീകരിക്കാവുന്നതാണ്.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1) ലൈസൻസി estimate ഒന്നുകൂടി പരിശോധിച്ച് എത്ര ചെലവ് ചുരുക്കാൻ കഴിയുമെന്ന് നോക്കി പരാതിക്കാരനെ അറിയിക്കുക. ആ തുക പരാതിക്കാരൻ അടയ്ക്കുമ്പോൾ ആ ജോലി ചെയ്തുകൊടുക്കുക.
2) മുകളിലെ (ഒന്നാമത്തെ) തീരുമാനം പരാതിക്കാരന് സ്വീകാര്യമല്ലെങ്കിൽ supervision charge മാത്രം ലൈസൻസിയ്ക്ക് അടയ്ക്കുകയും ലൈസൻസിയുടെ മേൽ നോട്ടത്തിൽ ഈ പ്രവൃത്തി പരാതിക്കാരൻ നേരിട്ട് നടത്തുകയും ചെയ്യുക.
3) മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/069/2024/ തീയതി: 06/12/2024.**

**അയക്കുന്നത്:**

1. ശ്രീ. അബ്ദുൾ കരീം സഹറുദ്ദീൻ പി.എം, പാമ്പിനേഴത്ത് ഹൌസ്,എടവനക്കാട് പി.ഒ, എറണാകുളം - **682502**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പാലാരിവട്ടം, എറണാകുളം

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -**10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം - **683503**